# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 AUGUST | No. 10


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### സങ്കീർത്തനങ്ങൾ 136:1 –10

01. യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു.
02. ദൈവാധിദൈവത്തിന്നു സ്തോത്രം ചെയ്‌വിൻ; അവന്റെ ദയ എന്നേക്കുമുള്ളതു.
03. കർത്താധികർത്താവിന്നു സ്തോത്രം ചെയ്‌വിൻ; അവന്റെ ദയ എന്നേക്കുമുള്ളതു.
04. ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.
05. ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.
06. ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.
07. വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.
08. പകൽ വാഴുവാൻ സൂര്യനെയും - അവന്റെ ദയ എന്നേക്കുമുള്ളതു.
09. രാത്രി വാഴുവാൻ ചന്ദ്രനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കിയവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.
10. മിസ്രയീമിലെ കടിഞ്ഞൂലുകളെ സംഹരിച്ചവന്നു - അവന്റെ ദയ എന്നേക്കുമുള്ളതു.



## ക്രിസ്തുവിനുവേണ്ടി ഒരു നല്ല പടയാളി ആകാൻ നീ വിളിക്കപ്പെട്ടിരിക്കുന്നു!

### You are called to be a good SOLDIER FOR CHRIST!

സിസ്റ്റർ എബ്വലിൻ



ഉയിർത്തെഴുന്നേറ്റ്, ഇന്നും ജീവിക്കുന്നവനും, വീണ്ടും വരുന്നവനുമായ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ആശംസകൾ അറിയിക്കുന്നു.

ഈ സന്തോഷവും അനുഗ്രഹീതവുമായ 80-ാമത് സ്വാതന്ത്ര്യ ദിനാഘോഷവേളയിൽ, ഞങ്ങളുടെ സ്ഥാപകനായ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും, **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ ജീവനക്കാരുടെയും, ഞങ്ങളെ വിശ്വസ്തതയോടെ പിന്തുണയ്ക്കുന്നവരുടെയും പേരിൽ, ഓരോ ഇന്ത്യക്കാർക്കും ഞങ്ങളുടെ ഊഷ്മളമായ ആശംസകൾ അറിയിക്കുന്നു.

ഈ ചരിത്രപരമായ നാഴികക്കല്ല്, നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ വിലമതിക്കാനും, നമ്മുടെ ഇടയിലുള്ള ഐക്യത്തിന്റെ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിന് ശോഭനവും സമാധാനപരവും പ്രത്യാശ നിറഞ്ഞതുമായ ഭാവിക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കാൻ പ്രചോദിപ്പിക്കുവാനുമായി ഞാൻ വിനിയോഗിക്കട്ടെ.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ, നമ്മുടെ സ്വാതന്ത്ര്യത്തിനായി ജീവൻ നൽകിയ ധീരരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണമറ്റ ത്യാഗങ്ങളെ നമ്മുടെ ഹൃദയങ്ങൾ സ്വാഭാവികമായും നന്ദിയോടെ സ്മരിക്കുന്നു. അവരുടെ ധൈര്യം,

3-ാം പേജിൽ തുടരും...


## Echo of His Call

*Christian YouTube Channel!*



Every day 2 minutes message by

**Pr. S. Sam Selva Raj!**

in English, Hindi Language - 1.00 A.M.,
in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

ECHO OF HIS CALL - (Marching towards 60th year)
Estd. 1969

*from your dearly beloved brother...*





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Sis. Sajini Cherian
Rev. Dr. J. John Rajarathnam, B.E.S., B.D., M.Th.
Rev. Dr. K.R. Rajasekaran
Adv. N. Balaji, B.Com., M.L.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293
Cell : (+91) 98410 71852, 98412 71858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

## യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ – സങ്കീർത്തനങ്ങൾ 30:11

കർത്താവിൽ പ്രിയ സ്നേഹിതരേ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു!

നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനാൽ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു. നിങ്ങളുടെ മനോഹരവും മഹത്തായതുമായ ഭാവിക്കായി അവൻ പുതിയ വാതിലുകളും അവസരങ്ങളും തുറക്കും. എല്ലാ സാഹചര്യങ്ങളിലും നമുക്ക് അവനെ വിശ്വസിക്കാം. പക്ഷെ നാം അവന്റെ മുമ്പാകെ വിശ്വസ്തതയോടെ നടക്കാൻ ശ്രദ്ധിക്കണം.

*ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ മുമ്പാകെ നടക്കും* – സങ്കീർത്തനങ്ങൾ 116:9

അടുത്ത വർഷത്തിന്റെ ആരംഭം മുതൽ **വിളിയുടെ പ്രതിധ്വനി** വാർത്താപത്രികയുടെ ഓരോ പകർപ്പിനും തപാൽ ചെലവായി 2.00 രൂപ (രണ്ട് രൂപ) നൽകേണ്ടി വന്നേക്കാം എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഇതു ഞങ്ങളുടെ മേൽ ഗണ്യമായ സാമ്പത്തിക ബാധ്യത വരുത്തും. അതിനാൽ **വിളിയുടെ പ്രതിധ്വനി** പോലെയുള്ള രജിസ്റ്റർ ചെയ്ത പ്രതിമാസ പത്രങ്ങൾക്ക് നിലവിലുള്ള തപാൽ നിരക്കു നിലനിർത്താൻ ബഹുമാനപ്പെട്ട നമ്മുടെ ആശയവിനിമയ മന്ത്രിയുടെയും ഇന്ത്യൻ പ്രധാനമന്ത്രിയുടെയും ഹൃദയങ്ങളിൽ ദൈവം പ്രേരിപ്പിക്കട്ടെ എന്നു ഞങ്ങൾ താഴ്മയോടെ പ്രാർത്ഥിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും അദ്ദേഹത്തിന്റെ സംഘത്തെയും ദൈവം നല്ല ആരോഗ്യം, ജ്ഞാനം, ദീർഘായുസ്സ് എന്നിവ നൽകി അനുഗ്രഹിക്കട്ടെ.



*നെഹെമ്യ ബൈബിൾ കോളേജുകളുടെ 26-ാമതു ബിരുദദാന ആരാധന*

2026 ജൂലൈ 4 ന് നടന്ന നെഹെമ്യ ബൈബിൾ കോളേജുകളുടെ 26-ാമത് ബിരുദദാന ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചു. മുപ്പത്തിയഞ്ച് വിദ്യാർത്ഥികൾ ബിരുദം നേടി ദൈവത്തിന്റെ മഹത്തായ ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടു. സുവിശേഷകരായും പാസ്റ്റർമാരായും ക്രിസ്തീയ ശുശ്രൂഷയുടെ മറ്റ് മേഖലകളിലും സേവനമനുഷ്ഠിക്കാൻ അവരെ ഇപ്പോൾ മിഷൻ ഫീൽഡിലേക്ക് അയച്ചിരിക്കുന്നു.

സുവിശേഷകനും മികച്ച പ്രാസംഗികനും **വിളിയുടെ പ്രതിധ്വനിയുടെ** മലയാളം അസോസിയേറ്റ് എഡിറ്ററുമായ ഇവാ. ബെഞ്ചമിൻ മോസസ്, തന്റെ പ്രിയപ്പെട്ട ഭാര്യ ശ്രീമതി പ്രമീള ബെഞ്ചമിനും മകൾ മിസ്സ് മഹിമ ബെഞ്ചമിനോടുമൊപ്പം ഞങ്ങളുടെ പ്രധാന ഓഫീസ് സന്ദർശിക്കുകയും ഞങ്ങളുമായി അനുഗ്രഹപ്രദമായ കൂട്ടായ്മയിൽ പങ്കുചേരുകയും ചെയ്തു. അവർക്കായി ദൈവത്തിന് നന്ദി കരേറ്റുന്നു.

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ▫ BIBLECOR - Postal Courses (3 languages) ▫ YouTube Ministry ▫ Online Courses ▫ Theological Correspondence Courses (2 languages) ▫ Church Planting ▫ Nehemiah Bible Colleges ▫ Gospel Printing Press ▫ Great Commission Partners ▫ St. Paul's Matriculation School ▫ Crusades ▫ Community Development



**അസ്സോസിയേറ്റ് എഡിറ്റർ (മലയാളം)**
**ഇവാ. ബെഞ്ചമിൻ മോസസും കുടുംബവും**

ഏകദേശം 1.5 ബില്ല്യൻ ജനസംഖ്യയുള്ള ഒരു മഹത്തായ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇതിൽ 2 ശതമാനം മാത്രമാണ് ക്രിസ്ത്യാനികൾ എന്ന് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. അതിനാൽ യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേർന്നിട്ടില്ലാത്തവരിലേക്ക് എത്രയും വേഗം എത്തിക്കുവാനുള്ള വലിയ ഉത്തരവാദിത്തം നമുക്കുണ്ട്.

ഈ സന്ദേശം വായിക്കുമ്പോൾ കർത്താവ് നിങ്ങളുടെ ഹൃദയത്തോട് സംസാരിക്കുകയും ഈ ശുശ്രൂഷയിൽ പങ്കാളിയാകുവാൻ നിങ്ങളെ നയിക്കുകയും ചെയ്യുകയാണെങ്കിൽ, അവന്റെ മാർഗനിർദ്ദേശപ്രകാരം പ്രവർത്തിക്കാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ പ്രാദേശിക പാസ്റ്റർമാരെയും ശുശ്രൂഷകരെയും ഓർക്കുകയും കർത്താവ് നിങ്ങളെ പ്രാപ്തരാക്കുന്നതുപോലെ അവരെ പിന്തുണയ്ക്കുകയും ചെയ്യുക. ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു, നിങ്ങളുടെ സമൃദ്ധമായ അനുഗ്രഹത്തിനായി ഞങ്ങൾ ദൈവത്തോടു അപേക്ഷിക്കുകയും ചെയ്യുന്നു.

***കൊയ്ത്തു വളരെ ഉണ്ടു സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടുന്നതിനു യാചിപ്പിൻ***

– മത്തായി 9:37,38

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്*

ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

സ്ഥിരോത്സാഹം, അചഞ്ചലമായ സമർപ്പണം എന്നിവയാണ് നമുക്കു സ്വാതന്ത്ര്യം നേടിത്തന്നത്. ഏതാണ്ട് എട്ടു പതിറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്നവരുടെ ത്യാഗം ഇന്നു നാം ആസ്വദിക്കുന്ന സ്വാതന്ത്ര്യത്തിന് നൽകിയ വിലയായി മാറി. അവരുടെ രക്തം വീണ മണ്ണിൽനിന്നും മുളച്ചു വന്ന മനോഹരമായ പുഷ്പമാണ് നമ്മുടെ സ്വാതന്ത്ര്യം.

ഇതിലും വലിയ ഒരു ത്യാഗത്തെക്കുറിച്ച് ഇത് എന്നെ ഓർമ്മപ്പെടുത്തുന്നു. 2000 വർഷങ്ങൾക്കുമുമ്പ് കാൽവരി കുരിശിൽ മാനവരാശിയുടെ പാപമോചനത്തിനായി ബലിയായിത്തീർന്ന യേശുക്രിസ്തുവിനെക്കുറിച്ച്. അവന്റെ വിലയേറിയ രക്തം നമുക്കു വളരെ വലുതും നിത്യവുമായ സ്വാതന്ത്ര്യം നേടിത്തന്നു. പാപം, രോഗം, ആസക്തികൾ, ആത്മീയ അടിമത്തം, തലമുറകളുടെ ശാപം എന്നിവയിൽനിന്നുള്ള മോചനം.

***ദൈവവചനം ഇങ്ങനെ പ്രഖ്യാപിക്കുന്നു:***

**ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു** (ഗലാത്യർ 3:13).

അവന്റെ ത്യാഗത്തിലൂടെ നാം ഇരുളിൽനിന്നു വിടുവിക്കപ്പെട്ട് അവന്റെ അത്ഭുതകരമായ വെളിച്ചത്തിലേക്ക് കൊണ്ടുവരപ്പെട്ടു. യേശുക്രിസ്തു തന്നെ പ്രഖ്യാപിച്ചത്:

**സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.** യോഹന്നാൻ 8:32.

യേശുക്രിസ്തുവിൽ നാം യഥാർത്ഥത്തിൽ സ്വതന്ത്രരായതിനാൽ ദൈവത്തെ സ്തുതിക്കാം.

***യേശുക്രിസ്തുവും കൊടുങ്കാറ്റും:***

കൊടുങ്കാറ്റിൽ പടകു ആടിയുലഞ്ഞപ്പോൾ യേശുക്രിസ്തു വള്ളത്തിൽ ഉറങ്ങുകയായിരുന്നു എന്ന് മർക്കൊസ് 4-ാം അദ്ധ്യായത്തിൽ വായിക്കുന്നു. ഭയന്നുപോയ ശിഷ്യന്മാർ അവനെ ഉണർത്തി ഇങ്ങനെ നിലവിളിച്ചു:

***ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ?***

യേശുക്രിസ്തു എഴുന്നേറ്റു കടലിനെയും കാറ്റിനെയും ശാസിച്ചു. അവരുടെ വിശ്വാസത്തെക്കുറിച്ച് അവൻ പരിതപിച്ചു. സൃഷ്ടിയുടെ മേലുള്ള അവന്റെ സമ്പൂർണ്ണ അധികാരം കണ്ടപ്പോൾ അവർ ഭയത്താൽ നിറഞ്ഞുപോയി.

***മർക്കൊസ് 4:32 പറയുന്നത്:***

**താൻ പടകിൽ ഇരുന്നപാടെ അവനെ കൊണ്ടുപോയി.**

യേശുക്രിസ്തു തുടർച്ചയായി ശുശ്രൂഷിക്കുകയായിരുന്നു. അവൻ ശാരീരികവും വൈകാരികവുമായി ക്ഷീണിതനായിരുന്നതിനാൽ അല്പ സമയം ജനത്തിരക്കിൽനിന്നും വേറിട്ടുമാറി ശിഷ്യന്മാരുമായി ശാന്തമായി വിശ്രമിക്കാൻ ആഗ്രഹിച്ചു.

അവൻ ഏതു അവസ്ഥയിൽ ആയിരുന്നോ അതു പോലെ അവൻ അവരോടൊപ്പം പോയി. പടകിൽ കയറിയ ഉടനെ ഉറങ്ങി.

നമ്മിൽ പലരും ഇതുപോലെ തന്നെയാണ്. നീണ്ട ഒരു ദിവസത്തെ അദ്ധ്വാനം, ശുശ്രൂഷ, ഉത്തരവാദിത്തങ്ങൾ, സേവനം എന്നിവയ്ക്കുശേഷം, സ്വസ്ഥമായി ഇരിക്കാൻ കഴിയുമ്പോൾ ക്ഷീണം നമ്മെ പിടികൂടുന്നു.

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

എന്നിരുന്നാലും, ഇതേ വാക്യത്തിൽ തന്നെ, അവഗണിക്കപ്പെടുന്ന ചെറുതെങ്കിലും പ്രധാനപ്പെട്ട ഒരു ഭാഗമുണ്ട്-ആഴത്തിലുള്ള ആത്മീയ വെളിപ്പെടുത്തൽ വേണ്ട ഭാഗം:

**മറ്റു ചെറു പടകുകളും കൂടെ ഉണ്ടായിരുന്നു.**

ഈ സത്യം മർക്കൊസ് സുവിശേഷകൻ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ ഏറ്റവും പ്രീയമുള്ള ശിഷ്യന്മാരിൽ ഒരാളും മത്സ്യത്തൊഴിലാളിയുമായ പത്രൊസിന്റെ സ്വാധീനതയിലുള്ള അനേകം ദൃക്സാക്ഷികളുടെ വിവരണങ്ങൾ മർക്കൊസിന്റെ സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നു.

* അവൻ അമരത്തു തലയണ വച്ച് ഉറങ്ങുകയായിരുന്നു (മർക്കൊസ് 4:38)
* അയ്യായിരം പേർക്ക് ഭക്ഷണം പച്ചപ്പുല്ലിൽ (മർക്കൊസ് 6:39)
* അവർ നൂറും അമ്പതും വീതം നിരനിരയായി ഇരുന്നു (മർക്കൊസ് 6:40)
* അന്ധന്റെ രണ്ടു ഘട്ടമായുള്ള രോഗശാന്തി (മർക്കൊസ് 8:22-25)

**മറ്റു ചെറു പടകുകളും കൂടെ ഉണ്ടായിരുന്നു** എന്നു മർക്കൊസ് എഴുതുന്നത് ശക്തമായ ആത്മീയ വെളിപ്പെടുത്തലാണ്. അല്ലാതെ അനാവശ്യമായ വിശദാംശമല്ല.

നിങ്ങളുടെ ജീവിതവും ജീവിതത്തിലെ കൊടുങ്കാറ്റുകളുമെല്ലാം നിരീക്ഷിക്കപ്പെടുന്നു. നിങ്ങളുടെ വിടുതലിന്റെ സാക്ഷ്യം മറ്റൊരാളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള വാതിലായി മാറും. കൊടുങ്കാറ്റിന്റെ മദ്ധ്യേ യേശുക്രിസ്തുവിനെ അനുഗമിച്ച ചെറുപടകുകൾക്കായി ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

## ചെറിയ വള്ളങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്താണ്?

**1. ഓർമ്മിക്കുവിൻ : നിങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ചെറുവള്ളങ്ങളാൽ നിങ്ങൾ ചുറ്റപ്പെട്ടിരിക്കുകയാണ്.**

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് അവനെ സ്തുതിക്കുവാനായാണ്.

**നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു** 1 പത്രൊസ് 2:9.

ക്രിസ്തുവിലൂടെ നമുക്കു ലഭിച്ച സ്വാതന്ത്ര്യം നമുക്കു മാത്രമുള്ളതല്ല, നമ്മുടെ ജീവിതത്തിലൂടെ അവന്റെ വെളിച്ചം പ്രകാശിക്കുവാനും മറ്റുള്ളവരെ അവനിലേക്ക് നയിക്കുകയും ചെയ്യുവാനാണ്.

നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, ജനങ്ങൾ, നമ്മുടെ വിശ്വാസം, മനോഭാവം, വാക്കുകൾ, പ്രവൃത്തികൾ, സമ്മർദ്ദത്തിന്റെ കീഴിലുള്ള നമ്മുടെ പ്രതികരണങ്ങൾ, ജീവിതത്തിലെ കൊടുങ്കാറ്റുകളിൽ നാം പെരുമാറുന്ന രീതി എന്നിവയെല്ലാം നിരീക്ഷിക്കുന്നുണ്ട്. യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു:

**അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.** മത്തായി 5:16.

കൊടുങ്കാറ്റിന്റെ മദ്ധ്യേ, നമ്മുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ നന്മ മറ്റുള്ളവർക്കു വെളിപ്പെടുത്തുകയും അവർ അതു കണ്ട് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ മഹത്വപ്പെടുത്തുവാനും ഇടയാകട്ടെ.

ആ ചെറുപടകുകൾ യേശുവിന്റെ പടകിനെ പിന്തുടർന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല. ചിലപ്പോൾ:

* ചിലർ കൗതുകത്താൽ പിന്തുടർന്നു
* ചിലർ അവന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായതിനാൽ പിന്തുടർന്നു
* ചിലർ നിരീക്ഷിക്കാനും വിമർശിക്കാനും പിന്തുടർന്നു
* ചിലർ വചനത്തിനായുള്ള ദാഹത്താൽ പിന്തുടർന്നു
* ചിലർ മീൻപിടുത്തക്കാരെയോ യാത്രക്കാരെയോ പോലെ സമീപത്തുണ്ടായിരുന്നു.

കാരണങ്ങൾ എന്തായാലും, കൊടുങ്കാറ്റ് വന്നപ്പോഴുള്ള ശിഷ്യന്മാരുടെ പ്രതികരണത്തിന് അവർ സാക്ഷികളായിരുന്നു.

**നമ്മുടെ ചുറ്റുമുള്ള ചെറുപടകുകളിൽ ആരാണ്?**

* നമ്മുടെ മക്കൾ
* നമ്മുടെ ഇണ
* നമ്മുടെ കുടുംബാംഗങ്ങൾ
* നമ്മുടെ സഹപ്രവർത്തകർ
* നമ്മുടെ അയൽക്കാർ
* നമ്മുടെ സഭാകുടുംബം
* നമ്മുടെ സമൂഹം

ജീവിതത്തിൽ നിങ്ങൾ ഒരിക്കലും ഒറ്റയ്ക്ക് സഞ്ചരിക്കുന്നില്ല. നിങ്ങളുടെ യാത്ര നിരീക്ഷിച്ചുകൊണ്ട് കൂടെ സഞ്ചരിക്കുന്ന ചെറുപടകുകളുണ്ട്.

**2. ഓർമ്മിക്കുവിൻ : നിങ്ങൾ യേശുക്രിസ്തുവിനെ വഹിക്കുന്നു – അവർ അങ്ങനെയല്ല.**

ശിഷ്യന്മാരുടെ പടകും മറ്റു പടകുകളും തമ്മിലുള്ള വലിയ വ്യത്യാസം കൊടുങ്കാറ്റല്ല-യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ്.

ശിഷ്യന്മാരുടെയും മറ്റു പടകുകളും സഞ്ചരിച്ചത് ഒരേ വെള്ളത്തിന്മീതെ ആയിരുന്നു, ഒരേ കൊടുങ്കാറ്റിനെ നേരിട്ടു എങ്കിലും ചെറുപടകുകളിൽ യേശുക്രിസ്തു ഇല്ലായിരുന്നു.

നാം പോകുന്നിടത്തെല്ലാം യേശുക്രിസ്തുവിനെ കൊണ്ടുപോകുന്നു. നാം പരിശുദ്ധാത്മാവിന്റെ ആലയമാണ്. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മോടൊപ്പമുണ്ട്.

എന്നാൽ നമുക്കു ചുറ്റുമുള്ള പലരും ഭയം, ആശയക്കുഴപ്പം, നിരാശ, ആത്മീയ അടിമത്തം എന്നിവയിൽ കുടുങ്ങി ഇപ്പോഴും അവനെ കൂടാതെ ജീവിക്കുന്നു. യേശുക്രിസ്തുവിനെ ചുമക്കുന്നവരുടെ പ്രതികരണം, സംസാരം, ജീവിതം എന്നിവ അവർ നിരീക്ഷിക്കുന്നു.

**ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.** ലൂക്കൊസ് 4:18.

നിങ്ങൾ സ്വാതന്ത്ര്യത്തിന്റെ സ്ഥാനാപതിയാണെന്ന് ഓർക്കുക.

നിങ്ങളുടെ ചുറ്റുമുള്ള ചെറുപടകുകളിലേക്ക് സ്വാതന്ത്ര്യത്തിന്റെ വക്താവായി മാറുവാൻ കഴിയത്തക്കവിധം ദൈവം നിങ്ങളെ സ്വതന്ത്രരാക്കിയിരിക്കുന്നു.

നിങ്ങളുടെ പടകിൽ ആരാണ് ഉള്ളതെന്നും ആരാണ് ഇല്ലാത്തതെന്നും ഒരിക്കലും മറക്കരുത്.

നിങ്ങളുടെ ജീവിതം ജനങ്ങൾ ഇതിനകം വായിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദേശമാണ്.

നിങ്ങൾ എന്തു സന്ദേശമാണ് പ്രസംഗിക്കുന്നത്?

**3. ഓർമ്മിക്കുവിൻ : കൊടുങ്കാറ്റ് എല്ലാ വള്ളങ്ങളെയും സ്പർശിക്കുന്നു.**

കൊടുങ്കാറ്റ് യേശുക്രിസ്തു ഉണ്ടായിരുന്ന പടകിൽ മാത്രമല്ല, വെള്ളത്തിൽ ഉണ്ടായിരുന്ന മറ്റു പടകുകളിലും ആഞ്ഞടിച്ചു.

വിശ്വാസികളും അവിശ്വാസികളും കൊടുങ്കാറ്റ് അഭിമുഖീകരിക്കുന്നു. യേശുക്രിസ്തു നമ്മുടെ പടകിൽ ഉണ്ടെന്നതിനാൽ നമുക്ക്

6-ാം പേജിൽ തുടരും...

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 19** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്ക് പ്ലേറ്റ് നിർമ്മാതാക്കൾ, പ്ലേറ്റ് ഗ്രൈന്റർമാർ, സ്ക്രീൻ പ്രിന്റർമാർ എന്നിവരുടെ ബാഹ്യപിന്തുണ നൽകി ആശീർവദിക്കുന്നതിനായി.

**ആഗസ്റ്റ് 20** ⇨ **നെഹെമ്യ ബൈബിൾ കോളേജ്** ഫാക്കൽറ്റി അംഗങ്ങളെയും കുടുംബാംഗളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ആഗസ്റ്റ് 21** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 22** ⇨ ഓഗസ്റ്റ് 10-ന് നടന്ന 57-ാമത് വാർഷികാഘോഷങ്ങളെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 23** ⇨ നമ്മുടെ മിഷണറി പ്രവർത്തകർ കാണിക്കുന്ന വലിയ പ്രതിബദ്ധതക്കായി.

**ആഗസ്റ്റ് 24** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും ദൈവം കരുതുന്നതിനായി.

**ആഗസ്റ്റ് 25** ⇨ കഴിഞ്ഞ മാസത്തെ നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തന്നതിനായി.

**ആഗസ്റ്റ് 26** ⇨ നമ്മുടെ പള്ളികളിൽ പുതിയ അംഗങ്ങളെ ചേർത്ത് അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 27** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 28** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** 2026-2027 അദ്ധ്യയന വർഷത്തേക്കുള്ള പുതിയ പ്രവേശനത്തിനായി.

**ആഗസ്റ്റ് 29** ⇨ ഞങ്ങളുടെ എല്ലാ ജീവനക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്നതിനായി.

**ആഗസ്റ്റ് 30** ⇨ ധാർമ്മികമായും സാമ്പത്തികമായും ഞങ്ങളെ പിന്തുണയ്ക്കുന്ന പങ്കാളികൾക്കായി.

**ആഗസ്റ്റ് 31** ⇨ **വിളിയുടെ പ്രതിധ്വനി** മാസിക ശുശ്രൂഷയെ വിശ്വസ്തതയോടെ പിന്തുണയ്ക്കുന്ന സമർപ്പിതരായ അസോസിയേറ്റ് എഡിറ്റർമാരെ നൽകി അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 01** ⇨ ഐക്യത്തോടെയും മാനസികമായ ഒരുമയോടെയും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന സമർപ്പിതരായ ജീവനക്കാരാൽ ഞങ്ങളെ അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 02** ⇨ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള മുഖ്യസഭയിലെ യുവജനസഖ്യത്തെ അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 03** ⇨ മിഷൻ പ്രദേശത്തെ മിഷണറിമാരെയും കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**സെപ്റ്റംബർ 04** ⇨ ഈ മാസത്തെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരുവാൻ.

**സെപ്റ്റംബർ 05** ⇨ **നെഹെമ്യ ബൈബിൾ കോളേജുകളിലെ** 2026-2027 അദ്ധ്യയനവർഷത്തെ എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടിയും.

**സെപ്റ്റംബർ 06** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** 2026-2027 അദ്ധ്യയനവർഷത്തെ എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടിയും.

**സെപ്റ്റംബർ 07** ⇨ സംസ്ഥാന കോഡിനേറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി.

**സെപ്റ്റംബർ 08** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇന്ത്യയിലെ പ്രദേശങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുവാനായി.

**സെപ്റ്റംബർ 09** ⇨ ഞങ്ങളുടെ ശുശ്രൂഷാ പ്രവർത്തനങ്ങൾക്കായും ഭാവിയിലെ വിപുലീകരണത്തിനുമായി.

**സെപ്റ്റംബർ 10** ⇨ അച്ചടിശാലയിലെ പ്രിന്റർ, അസിസ്റ്റന്റ് പ്രിന്റർ, മറ്റു ജീവനക്കാർ എന്നിവർക്കായി.

**സെപ്റ്റംബർ 11** ⇨ ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കും സംരക്ഷണത്തിനുമായി.

**സെപ്റ്റംബർ 12** ⇨ മദ്യപന്മാരെയും ദുഷ്പ്രവൃത്തിക്കാരെയും കർത്താവ് മാനസാന്തരപ്പെടുത്തുവാൻ.

**സെപ്റ്റംബർ 13** ⇨ എല്ലാ രാജ്യങ്ങളും തമ്മിൽ ഐക്യവും സമാധാനവും ഉണ്ടാകുവാൻ.

**സെപ്റ്റംബർ 14** ⇨ ക്രിസ്തീയ പ്രാസംഗികർ വിശ്വസ്തതയോടും വിട്ടുവീഴ്ചയില്ലാതെയും സുവിശേഷം പ്രഖ്യാപിക്കുവാൻ.

**സെപ്റ്റംബർ 15** ⇨ എല്ലാ ക്രിസ്തീയ സംഘടനകൾക്കും സഭകൾക്കും ദൈവത്തിന്റെ അനുഗ്രഹത്തിനും സംരക്ഷണത്തിനും.

**സെപ്റ്റംബർ 16** ⇨ ജയിലുകളിൽ പ്രവർത്തിക്കുന്ന ശുശ്രൂഷകർക്കായി.

**സെപ്റ്റംബർ 17** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ബഹുമുഖ ശുശ്രൂഷകൾക്ക് ദൈവം പുതിയ കാഴ്ചപ്പാട് നൽകുവാൻ.

**സെപ്റ്റംബർ 18** ⇨ ദുഷ്ടശക്തികളിൽനിന്ന് സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും വിടുവിക്കപ്പെടുവാനായുള്ള സ്വർഗ്ഗീയ സംരക്ഷണത്തിനായി.

4-ാം പേജിന്റെ തുടർച്ച...

ഒരിക്കലും കൊടുങ്കാറ്റുകളെ നേരിടേണ്ടിവരികയില്ല എന്നല്ല അർത്ഥമാക്കുന്നത്. എന്നാൽ എല്ലാ കൊടുങ്കാറ്റുകളെക്കാളും വലിയ ഒരു രക്ഷകൻ നമുക്കുണ്ടെന്നതാണ് അതിന്റെ അർത്ഥം.

നമ്മുടെ കൊടുങ്കാറ്റുകൾ ഇവയിലൂടെ കടന്നുപോയേക്കാം:

- വൈകാരിക പോരാട്ടങ്ങൾ
- സാമ്പത്തിക സമ്മർദ്ദങ്ങൾ
- കുടുംബ പോരാട്ടങ്ങൾ
- ആരോഗ്യപരമായ വെല്ലുവിളികൾ
- ആത്മീയ ആക്രമണങ്ങൾ

നമ്മുടെ സ്വന്തം വേദനകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനും ചുറ്റുമുള്ള ചെറിയ പടകുകളെ മറക്കാനും സാത്താൻ കൊടുങ്കാറ്റുകളെ ഉപയോഗിക്കുന്നു

- ഉത്കണ്ഠയും വൈകാരിക ഭാരങ്ങളും
- കുടുംബപരമായ ഉത്തരവാദിത്തങ്ങൾ
- സാമ്പത്തിക ബുദ്ധിമുട്ടുകൾ
- ശാരീരിക ബലഹീനതകൾ
- ആത്മീയ ക്ഷീണം

നമ്മുടെ സ്വന്തം പോരാട്ടങ്ങളിൽ നാം പൂർണ്ണമായി മുഴുകിപ്പോകുമ്പോൾ, നമ്മുടെ പ്രാർത്ഥനകളും പ്രോത്സാഹനവും അനുകമ്പയും സാക്ഷ്യവും ആവശ്യമുള്ളവരെ ശ്രദ്ധിക്കുന്നതിൽ നാം പരാജയപ്പെട്ടുപോകുന്നു.

എന്നാൽ എല്ലാ കൊടുങ്കാറ്റുകളെയും മറികടക്കാൻ ദൈവം നമ്മെ വിളിക്കുന്നു.

*യെശയ്യാവ് 40:31 ഇങ്ങനെ പ്രഖ്യാപിക്കുന്നു:*

**എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.**

കൊടുങ്കാറ്റിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചുകൊണ്ട്, താങ്ങാൻ കഴിയാത്തത്ര ഭാരങ്ങൾ വഹിച്ചുകൊണ്ട്, ഏകാന്തമായ ഒരു താഴ്വരയിലൂടെ നടക്കുന്നതായി നിങ്ങൾക്കു തോന്നിയേക്കാം. എന്നിരുന്നാലും നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനായി തുടരുന്നു.

നിങ്ങൾ നേരിടുന്ന കൊടുങ്കാറ്റ് നിങ്ങളുടെ യാത്രയെ നിരീക്ഷിക്കുന്ന എണ്ണമറ്റ ചെറുപടകുകൾക്ക് പ്രത്യാശയും സ്വാതന്ത്ര്യവും നൽകുന്ന സാക്ഷ്യമായി മാറിയേക്കാം.

നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന പോരാട്ടം തന്നെ, മറ്റുള്ളവർക്ക്-നിങ്ങൾ ഒരിക്കലും അറിയാത്തവർക്കുപോലും ഒരു അനുഗ്രഹമാക്കി മാറ്റാൻ ദൈവത്തിനു കഴിയും.

ധൈര്യമുള്ളവരായിരിക്കുവിൻ.

നിങ്ങളുടെ പടകിൽ യേശുക്രിസ്തു ഉണ്ട് എന്നതിന്റെ അർത്ഥം എന്താണെന്ന് ചെറിയ പടകുകൾക്കു കാണിച്ചു കൊടുക്കുവിൻ.

**4. <u>ഓർമ്മിക്കുവിൻ</u> : കൊടുങ്കാറ്റിലെ നിങ്ങളുടെ പ്രതികരണങ്ങൾ ചെറിയ വള്ളങ്ങളെ സ്വാധീനിക്കുന്നു.**

**ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ** എന്ന് ശിഷ്യന്മാർ പരിഭ്രാന്തരായി നിലവിളിച്ചതുകേട്ട് അവരുടെ ചുറ്റും ഉണ്ടായിരുന്ന ചെറു പടകുകളും ഭയത്താൽ നിറഞ്ഞിരിക്കണം.

യേശുക്രിസ്തു ഉണ്ടായിരുന്ന പടക് ഭയത്താൽ വിറയ്ക്കുകയായിരുന്നെങ്കിൽ മറ്റു പടകുകൾക്ക് എന്തു പ്രത്യാശയാണുള്ളത്?

ആശ്വാസ സമയങ്ങളിലുള്ള നിങ്ങളുടെ വാക്കുകളേക്കാൾ പ്രതിസന്ധിയിലെ നിങ്ങളുടെ പ്രതികരണം ഉച്ചത്തിൽ കേൾക്കുന്നു.

പ്രത്യാശയില്ലാത്തവരെപ്പോലെയാണോ നിങ്ങൾ പ്രതികരിക്കുന്നത്? അതോ കൊടുങ്കാറ്റിൽ നിങ്ങളോടൊപ്പമുണ്ടായിരുന്നവനെ നിങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുകയാണോ?

മൂന്നു എബ്രായ യുവാക്കൾ ഇങ്ങനെ പ്രഖ്യാപിച്ചു:

**ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ... അല്ലെങ്കിലും...** ദാനീയേൽ 3:17,18.

വിശ്വാസത്തിന്റെ എത്ര ശക്തമായ പ്രഖ്യാപനം!

"അല്ലെങ്കിലും..."

സാഹചര്യങ്ങളെ മാത്രം ആശ്രയിക്കാത്ത വിധത്തിലുള്ള വിശ്വാസം നിങ്ങൾക്കുണ്ടോ? ദൂരെ നിന്നു വീക്ഷിക്കുന്ന ഓരോ ചെറുപടകുകളെയും ശക്തിപ്പെടുത്തുന്ന വിശ്വാസം!

***പൗലോസ് ഇങ്ങനെ പ്രഖ്യാപിച്ചു:***

**ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു.** ...2 തിമൊഥെയോസ് 1:12.

കൊടുങ്കാറ്റിന്റെ മദ്ധ്യേയുള്ള നിങ്ങളുടെ വിശ്വാസം മറ്റൊരാളുടെ ശക്തിയായി മാറിയേക്കാം.

**5. <u>ഓർമ്മിക്കുവിൻ</u> : ചെറിയ വള്ളങ്ങൾ നിങ്ങളുടെ വിടുതലിനായി ചാഞ്ഞുനിൽക്കുന്നു.**

യേശുക്രിസ്തു കൊടുങ്കാറ്റിനെ ശാന്തമാക്കിയപ്പോൾ ചുറ്റുമുള്ള ചെറുവള്ളങ്ങളും അവന്റെ ശക്തിയുടെ അനന്തഫലം അനുഭവിച്ചു. ആ അത്ഭുതം ശിഷ്യന്മാർക്കു മാത്രമല്ല, ചുറ്റുമുണ്ടായിരുന്ന എല്ലാ പടകുകൾക്കും സമാധാനം നൽകി.

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, മറ്റുള്ള ജനങ്ങൾക്കു പ്രത്യാശ പകർന്നു നൽകാനായി നമ്മുടെ വിടുതൽ ഉപയോഗിക്കാൻ കർത്താവ് ഉദ്ദേശിക്കുന്നതിനാൽ ചിലപ്പോൾ ദൈവം നമ്മെ ബുദ്ധിമുട്ടുകളിലൂടെയും കൊടുങ്കാറ്റുകളിലൂടെയും പരീക്ഷണങ്ങളിലൂടെയും ഒരിക്കലും പ്രതീക്ഷിക്കാത്ത കാലങ്ങളിലൂടെയും കടന്നുപോകാൻ അനുവദിക്കുന്നു.

നിങ്ങളുടെ വിജയം മറ്റൊരാളുടെ അനുഗ്രഹമായി മാറിയേക്കാം.

നിങ്ങളുടെ പ്രാർത്ഥന മറ്റൊരാൾക്ക് വാതിലുകൾ തുറക്കും.

നിശബ്ദമായി പോരാടുന്ന ഒരാൾക്ക് നിങ്ങളുടെ സ്ഥിരോത്സാഹം ശക്തി പകർന്നു നൽകാൻ കഴിയും.

9-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ കോളേജുകൾ

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

അതിവേഗം അഡ്മിഷൻ നേടുവിൻ!

ഭാഷ : തമിഴ് (Part time)
ഹിന്ദി (Part Time)

ദൈവശാസ്ത്രത്തിൽ ഡിപ്ലോമ &
ദൈവശാസ്ത്രത്തിൽ ബിരുദം

യോഗ്യത :
പത്താം ക്ലാസ്സും അതിനു മുകളിലും

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ–600 005, ഇന്ത്യ
ഫോൺ : (91–44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

| | |
|---|---|
| 01. പ്രാർത്ഥന സഹായം | - 24 മണിക്കൂർ |
| 02. വിളിയുടെ പ്രതിധ്വനി, മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ | |
| 03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി) | |
| 04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ | - ഇംഗ്ലീഷ്, തമിഴ് |
| 05. നെഹെമ്യ ബൈബിൾ കോളേജ് | - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി |
| 06. ശാഖാ സഭകൾ | - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി |
| 07. പരമനിയോഗ ദൗത്യ പങ്കാളികൾ | - പാസ്റ്റർമാരുടെ ചങ്ങല |
| 08. ട്രെയിനിംഗ് പരിപാടികൾ | - സെമിനാറുകൾ, റിട്രീറ്റുകൾ |
| 09. ക്രൂസേഡുകൾ | |
| 10. ലഘുലേഖ വിതരണം, തുടർ നടപടികൾ | |
| 11. സുവിശേഷ അച്ചടിശാല | - പ്രസിദ്ധീകരണങ്ങൾ |
| 12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 13. സണ്ടേസ്കൂൾ (ചെപ്പോക്ക്) | - ഞായർ രാവിലെ 10.30 മണി |
| (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) | - ഞായർ വൈകുന്നേരം 3.00 മണി |
| 14. അതിരാവിലെ ആരാധന | - ഞായർ രാവിലെ 5.30 മണി |
| 15. പ്രാഥമിക ആരാധന | - ഞായർ രാവിലെ 8.00 മണി |
| 16. തമിഴ് ആരാധന | - ഞായർ രാവിലെ 8.30 മണി |
| 17. യുവജന കൂട്ടായ്മ | - ഞായർ രാവിലെ 11.00 മണി |
| 18. ഉച്ചഭക്ഷണ കൂട്ടായ്മ | - ഞായർ ഉച്ചയ്ക്കു 1.00 മണി |
| 19. തെലുങ്ക് ആരാധന | - ഞായർ വൈകുന്നേരം 4.00 മണി |
| 20. ഹിന്ദി ആരാധന | - ഞായർ വൈകുന്നേരം 5.00 മണി |
| 21. തമിഴ് & ഇംഗ്ലീഷ് ആരാധന | - ഞായർ വൈകുന്നേരം 6.00 മണി |
| 22. പ്രതികരണ സമയം | - ഞായർ വൈകുന്നേരം 7.30 മണി |
| 23. സ്ത്രീകളുടെ പ്രാർത്ഥനായോഗം | - ബുധൻ വൈകുന്നേരം 5.30 മണി |
| 24. ഹിന്ദി പ്രാർത്ഥന | - വ്യാഴം വൈകുന്നേരം 7.00 മണി |
| 25. പുരുഷന്മാരുടെ യോഗം | - വെള്ളി വൈകുന്നേരം 7.30 മണി |
| 26. ശിഷ്യത്വ യോഗം | - ശനി വൈകുന്നേരം 6.00 മണി |
| 27. ഭവന കൂട്ടായ്മ | - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 28. പ്രത്യേക കർത്തൃമേശ | - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 29. സുവിശേഷകരുടെ അവലോകനം | - ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 30. രക്ഷിതാക്കളുടെ പ്രാർത്ഥന | - ആദ്യ ഞായർ വൈകുന്നേരം 4.00 മണി |
| 31. രാത്രി പ്രാർത്ഥന | - മൂന്നാം വെള്ളി രാത്രി 9.30 മണി |
| 32. ഉപവാസ പ്രാർത്ഥന | - രണ്ടാം ശനി രാവിലെ 9.30 മണി |
| 33. കർത്തൃമേശ | - രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ) |
| 35. സ്റ്റാഫുകളുടെ ധ്യാനം | - ദിവസവും രാവിലെ 9.00 മണി |
| 36. ഓഫീസ് | - രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പാക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | |
|---|---|
| **Account Name** | **: ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | **: 1023 2923 805** |
| **Bank Name** | **: STATE BANK OF INDIA** |
| **Branch** | **: TRIPLICANE, CHENNAI - 600 005** |
| **IFSC Code** | **: SBIN 0000249** |
| **SWIFT Code** | **: SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നിങ്ങൾ നൂറുമടങ്ങ് പ്രാപിക്കുകയും നിത്യജീവൻ അവകാശമാക്കുകയും ചെയ്യും

***ചെയ്‌വാൻ നിനക്കു സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക...*** - സഭാപ്രസംഗി 9:10.

***കാറ്റിനെ വിചാരിക്കുന്നവൻ വിതെക്കയില്ല; മേഘങ്ങളെ നോക്കുന്നവൻ കൊയ്കയുമില്ല*** - സഭാപ്രസംഗി 11:4.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളിലൂടെയും ബൈബിൾ കോളേജുകളിലൂടെയും നാനാതുറകളിലുള്ള ആളുകളെ വേദപുസ്തകത്തിലെ ആഴമേറിയ സത്യങ്ങൾ പഠിപ്പിക്കുക എന്നത് എന്റെ വളരെക്കാലമായുള്ള ആഗ്രഹമായിരുന്നു. ആഴത്തിൽ വേരൂന്നിയ ഈ ഭാരം കാലക്രമേണ കൂടുതൽ ശക്തമായി. എന്നാൽ ഈ ദർശനം പൂർത്തീകരിക്കാൻ എനിക്ക് വരുമാന സ്രോതസ്സില്ലായിരുന്നു. കൂടാതെ, എന്നെ നയിക്കാനും പിന്തുണക്കാനും ആരും ഇല്ലാതെ ഞാൻ നിസ്സഹായനായിപ്പോയി. ആ കാലയളവിൽ ഞാനും കുടുംബവും വളരെ കുറച്ചു സൗകര്യം മാത്രമുള്ള ഒരു ചെറിയ വീട്ടിൽ ദാരിദ്ര്യവും വലിയ ബുദ്ധിമുട്ടുകളും സഹിച്ചു ജീവിക്കുകയായിരുന്നു.



1980-ൽ, ഇന്ത്യ ബൈബിൾ ലിറ്ററേച്ചർ (ഐ.ബി.എൽ) എന്ന സംഘടനയിൽനിന്ന് എനിക്ക് ഒരു സുവിശേഷ പാക്കറ്റ് ലഭിച്ചു. അതിൽനിന്നും നിരവധി സുവിശേഷ ലഘുലേഖകളും ഒരു കറസ്പോണ്ടൻസ് കോഴ്സ് ബുക്ക്ലെറ്റും ലഭിച്ചു. പല ഭാഷകളിലുള്ള ഇന്ത്യയിലെ ജനങ്ങളിലേക്ക് എത്തിച്ചേരുവാൻ സമാനമായ സാധനങ്ങൾ ഉപയോഗിക്കുന്നത് നല്ലതായിരിക്കുമെന്ന അവ വായിച്ചപ്പോൾ എനിക്കു തോന്നി. താമസിയാതെ, ഞാൻ എന്റെ പഴയ സൈക്കിളിൽ ചെന്നൈയിലെ തൗസന്റ് ലൈറ്റ്സിലുള്ള ഇന്ത്യ ബൈബിൾ ലിറ്ററേച്ചറിന്റെ ഓഫീസിലേക്കു പോയി.



അവിടെവെച്ച് എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. വേലു എന്നറിയപ്പെടുന്ന ശ്രീ. വേലായുധം എന്ന ചെറുപ്പക്കാരനെ കണ്ടുമുട്ടി. കറസ്പോണ്ടൻസ് കോഴ്സ് പുസ്തകങ്ങൾ വളരെ ശ്രദ്ധാപൂർവ്വം പായ്ക്ക് ചെയ്തു അയയ്ക്കുന്നതു കണ്ടപ്പോൾ, ദൈവനാമമഹത്വത്തിനായി സമാനമായ പ്രവൃത്തി ചെയ്യാൻ എനിക്കു പ്രചോദനം ഉണ്ടായി.

ഞാൻ ബഹുമാനത്തോടെ അദ്ദേഹത്തെ സമീപിച്ച് എനിക്ക് കോഴ്സ് പുസ്തകങ്ങൾ തരാമോ എന്നു ചോദിച്ചു. ഓരോ പുസ്തകത്തിനും 50 പൈസ (അര രൂപ) വിലയുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ ഒരു ദരിദ്ര കുടുംബത്തിൽനിന്നാണ് വരുന്നതെന്നും ഒരു സർക്കാർ വകുപ്പിൽ ഒരു ചെറിയ മാസശമ്പളത്തിൽ ജോലി ചെയ്യുകയാണെന്നും ഞാൻ വിശദീകരിച്ചു. എന്റെ സാഹചര്യം കണ്ട് അദ്ദേഹം പത്ത് പുസ്തങ്ങൾ എനിക്കു സൗജന്യമായി തന്നു.


പക്ഷെ എനിക്കു തൃപ്തി വന്നില്ല. ഹാളിൽ അയയ്ക്കുവാനായി അടുക്കി വച്ചിരിക്കുന്ന നിരവധി പുസ്തകങ്ങൾ ഞാൻ ജനാലയിലൂടെ കണ്ടു. ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് ആവശ്യമുള്ളവരുടെ കരങ്ങളിൽ അവ എടുത്തു നൽകാൻ എന്നെ പ്രേരിപ്പിച്ചുകൊണ്ട് അവ എന്നെ വിളിക്കുന്നതായി എനിക്കു തോന്നി. എനിക്ക് അവിടെ നിന്നും പോകാൻ മനസ്സില്ലായിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു വ്യക്തി അടുത്തു വന്ന് "നീ ആരാണ്? കുറച്ചു നേരമായി ഞങ്ങളുടെ ഓഫീസിലേക്ക് നോക്കി നിൽക്കുന്നത് എന്തിനാണ്" എന്നു ചോദിച്ചു. ജീവനുള്ള ദൈവത്തെ സേവിക്കാൻ വലിയ ആഗ്രഹമുള്ള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു മനുഷ്യനാണ് ഞാൻ എന്നു വിശദീകരിച്ചു. കൂടുതൽ കറസ്പോണ്ടൻസ് കോഴ്സ് പുസ്തകങ്ങൾ എനിക്കു വേണം എന്നുള്ള എന്റെ ആഗ്രഹം പറഞ്ഞപ്പോൾ പണമുണ്ടെങ്കിൽ അവ വാങ്ങാം എന്ന് അയാൾ പറഞ്ഞു.




അപ്പോൾ തന്നെ ഞാൻ ഒരു വിഷമകരമായ തീരുമാനമെടുത്തു-എന്റെ ഏക സ്വത്തും യാത്രാമാർഗ്ഗവുമായിരുന്ന എന്റെ പഴയ സൈക്കിൾ വിൽക്കാൻ തീരുമാനിച്ചു.

ഉടനെ തന്നെ അടുത്തുള്ള സൈക്കിൾ റിപ്പയർ ഷോപ്പിൽ പോയി 100 രൂപയ്ക്കു സൈക്കിൾ വിറ്റു 200 കറസ്പോണ്ടൻസ് കോഴ്സ് പുസ്തകങ്ങൾ വാങ്ങി. സൈക്കിൾ വിറ്റതിനാൽ തൗസന്റ് ലൈറ്റ്സിൽ നിന്നും ഏകദേശം അഞ്ച് കിലോമീറ്റർ തോളിലും തലയിലും പുസ്തകങ്ങൾ വഹിച്ചു കൊണ്ട് നടന്നു.



ഭാരം ചുമന്നു ശീലമില്ലാത്ത ഞാൻ പെട്ടെന്നു ക്ഷീണിതനായി. രണ്ടു പ്രാവശ്യം പുസ്തകങ്ങൾ തോളിൽനിന്നു വഴുതി റോഡിൽ വീണു. കണ്ടവർ എന്നെ പരിഹസിച്ചപ്പോൾ എനിക്ക് നിസ്സഹായതയും അപമാനവും തോന്നി എങ്കിലും ദൈവകൃപയാൽ ഞാൻ വീട്ടിൽ സുരക്ഷിതമായി എത്തിച്ചേർന്നു. എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യാൻ ആരംഭിച്ചു.

പരേതനായ ബ്രദർ എം. പോൾരാജിന്റെ സഹായത്തോടെ "പുതിയ ജീവിതം നിങ്ങൾക്കായി" എന്ന കറസ്പോണ്ടൻസ് കോഴ്സ് ആരംഭിക്കാൻ ദൈവം എന്നെ പ്രാപ്തനാക്കി. പിന്നീട് **വിളിയുടെ പ്രതിധ്വനി നെഹെമ്യ ഈവനിംഗ് ബൈബിൾ കോളേജുകൾ** സ്ഥാപിച്ചു.



പ്രിയ സുഹൃത്തേ, ദൈവരാജ്യത്തിനുവേണ്ടി എന്റെ പഴയ സൈക്കിൾ ഉപേക്ഷിക്കേണ്ടി വന്ന ഒരു കാലം എനിക്കുണ്ടായിരുന്നു. എന്റെ കുടുംബവും സുഹൃത്തുക്കളും അതിനെ ഒരു മണ്ടത്തരമായും അജ്ഞതയായും കണക്കാക്കി. ആ തീരുമാനത്താൽ എനിക്ക് വളരെയധികം നാണക്കേട് തോന്നി. എന്നാൽ ഇന്ന് ദൈവം എന്നെ ആവശ്യത്തിന് വാഹനങ്ങളും ശുശ്രൂഷയിൽ സഹായിക്കാൻ വിശ്വസ്തരായ സഹപ്രവർത്തകരെയും നൽകി അനുഗ്രഹിച്ചിരിക്കുന്നു.

സുവിശേഷ സാഹിത്യ പുസ്തകങ്ങൾ ചുമലിലും തലയിലും ചുമന്നു നടന്ന കാലം എനിക്കുണ്ടായിരുന്നു. ചെറുപ്പത്തിൽ അത് വേദനാജനകവും അപമാനകരവുമായ അനുഭവം ആയിരുന്നു. എന്നാൽ എന്നെ കൊണ്ടുപോകാനും സുവിശേഷ സാമഗ്രികളും ശുശ്രൂഷാപ്രവർത്തകരെയും കൊണ്ടുപോകാനായി കാറുകളും മിനിബസ്സുകളും ഇന്ന് ദൈവം എനിക്ക് നൽകിയിട്ടുണ്ട്.

പ്രിയരേ, നിങ്ങളുടെ ജീവിതത്തിനും ഭാവിക്കുമായി ദൈവത്തിന് അതുല്യമായ ഒരു പദ്ധതിയുണ്ട്. അവന്റെ രാജ്യത്തിനായി നിങ്ങൾ കർത്താവിനു സമർപ്പിക്കുന്നതെല്ലാം വ്യർത്ഥമാകയില്ല. നിങ്ങൾക്ക് ഇപ്പോഴും സമയമുണ്ട്. യേശുക്രിസ്തുവിനെ നിങ്ങളുടെ മാതൃകയാക്കിക്കൊണ്ട് ദൈവീക ദർശനത്തോടെ, അവന്റെ ശുശ്രൂഷയ്ക്കായി വിലയേറിയ നിക്ഷേപം ചെയ്യുക. നിങ്ങളുടെ ജീവിതത്തിന്മേലുള്ള ദൈവീകാനുഗ്രഹങ്ങൾക്ക് അവസാനമുണ്ടാകയില്ല.

ഓർക്കുക:

***ഒരേയൊരു ജീവിതമേയുള്ളൂ; അതു വേഗം കടന്നുപോകും, ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രമേ നിലനിൽക്കൂ.***

*6-ാം പേജിന്റെ തുടർച്ച...*

ചിലപ്പോൾ ദൈവം നമ്മെ കൊടുങ്കാറ്റിലൂടെ കടന്നുപോകാൻ അനുവദിക്കുന്നു, അങ്ങനെ നമ്മുടെ സാക്ഷ്യം മറ്റൊരാളുടെ ലഭിക്കാനുള്ള സ്വാതന്ത്ര്യത്തിലേക്കുള്ള പാതയായി മാറുന്നു.

പൗലൊസിനെയും ശീലാസിനെയും ഓർക്കുവിൻ. അവരെ കാരാഗ്രഹത്തിലടച്ച് ചങ്ങലകൊണ്ട് ബന്ധിച്ചപ്പോഴും അവർ നിരാശരാകാതെ ശബ്ദം ഉയർത്തി ആരാധിച്ചു. വേദപുസ്തകം ഇങ്ങനെ പറയുന്നു:

**അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു.** പ്രവൃത്തികൾ 16:25.

ഭയത്താലും നുണകളാലും ശത്രുവിന്റെ തന്ത്രങ്ങളാലും കുടുങ്ങിയവർ നിങ്ങൾ കൊടുങ്കാറ്റിന്റെ മദ്ധ്യേ നടക്കുമ്പോൾ നിങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.

അവർ എന്താണ് കേൾക്കുന്നത്?

അവർ ആരാധന, വിജയം, വിശ്വാസം എന്നിവയെക്കുറിച്ചാണോ കേൾക്കുന്നത്?

അതോ അവർ ഭയം, പരാതികൾ, നിരുത്സാഹം എന്നിവയെക്കുറിച്ചാണോ കേൾക്കുന്നത്?

പെട്ടെന്ന്:

**പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി, കാരാഗ്രഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നുപോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു.** പ്രവൃത്തികൾ 16:26.

പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വാക്ക് പ്രത്യേകമായി ശ്രദ്ധിക്കുവിൻ:

"എല്ലാവരുടെയും."

പൗലൊസിനും ശീലാസിനും മാത്രമല്ല, എല്ലാവർക്കും സ്വാതന്ത്ര്യം ലഭിച്ചു.

കഷ്ടതയുടെ മദ്ധ്യേ തടവിലായിരുന്ന ദൈവദാസന്മാർ ആരാധന തിരഞ്ഞെടുത്തതിനാൽ അവരുടെ സമീപത്തുണ്ടായിരുന്ന അറിയപ്പെടുന്നവരും അല്ലാത്തവരുമായ തടവുകാർ സ്വാതന്ത്ര്യം അനുഭവിച്ചു.

അതാണ് ദൈവകൃപയുടെ ശക്തി.

നിങ്ങൾ ഇനി ഒരിക്കലും കാണാൻ സാദ്ധ്യതയില്ലാത്ത, ചങ്ങലകൾ തുറക്കുന്ന താക്കോലായി നിങ്ങളുടെ ആരാധനകൾ മാറും. ആമേൻ!

## എല്ലാവർക്കും സ്വാതന്ത്ര്യം

യേശുക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിന്റെ ഉപകരണങ്ങളാകാനും, വഞ്ചന, ഭയം, അന്ധകാരം എന്നീ ശത്രുവിന്റെ തന്ത്രങ്ങളാൽ ബന്ധിതരായിരിക്കുന്നവരുടെ അടുക്കലേക്ക് എത്തിച്ചേരുവാനുമാണ് അവൻ നമ്മെ വിളിച്ചിരിക്കുന്നത്.

ചെറു പടകുകൾ ഇപ്പോഴും നമ്മുടെ ചുറ്റുമുണ്ട്.

അവർ പ്രത്യാശ തേടുകയാണ്.

അവർ സമാധാനം ആഗ്രഹിക്കുകയാണ്.

അവർ യേശുക്രിസ്തുവിന്റെ യഥാർത്ഥ പ്രവൃത്തി കാണാൻ കാത്തിരിക്കുകയാണ്.

നിങ്ങളും ഞാനും അവർ കണ്ടുമുട്ടുന്ന യേശുക്രിസ്തുവിന്റെ പ്രതിഫലനം ആയിരിക്കണം.

നിങ്ങളുടെ സ്വന്തം പടകിൽ യേശുക്രിസ്തു ഉള്ളതുകൊണ്ട് തൃപ്തരാകരുത്. നിങ്ങളുടെ ചുറ്റുമുള്ള പടകിലുള്ളവർക്കും അവനെ ആവശ്യമുണ്ട്.

നമ്മുടെ ചുറ്റുമുള്ള ദശലക്ഷക്കണക്കിന് ജനങ്ങളിലേക്ക് അവന്റെ സ്വാതന്ത്ര്യം എത്തിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. ഈ വ്യക്തികളിൽ മിക്കവരെയും നാം നിത്യതയിൽ എത്തിച്ചേരുന്നതുവരെ നേരിട്ടു കാണാൻ സാദ്ധ്യതയില്ലാത്തവരാണ്. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യമില്ലാതെ ഇപ്പോഴും ചെറുപടകുകളിൽ സഞ്ചരിക്കുന്നവർക്കുവേണ്ടി യഥാർത്ഥ സ്വാതന്ത്ര്യസമരസേനാനികളാകാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

***ചെറിയ പടകുകളെ ഓർക്കുവിൻ!!***

************

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

-എഡിറ്റർ

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

*1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

State Bank of India

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel" on 4th AUGUST 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**